കേരള സർക്കാർ

നം. 263/ഡിസി3/2017/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി സി)വകുപ്പ്,
തിരുവനന്തപുരം, തീയതി : 15.07.2017.

## സർക്കുലർ

വിഷയം - ത.സ്വ.ഭ.വ. - റോഡ് നിർമ്മാണത്തിന് ആവശ്യമായ അനുമതികൾ നേടിയ ശേഷം വർക്കിന്റെ സ്ഥാനം മാറ്റുന്നത് - സംബന്ധിച്ച്.

സൂചന:- വിജിലൻസ് ഡയറക്ടറുടെ 29.06.2016 ലെ ഇ 2(എസ്.സി.90/15/കൊല്ലം) - 9535/2016 നമ്പർ കത്ത്.

കൊല്ലം കോർപ്പറേഷന്റെ അധികാര പരിധിയിലുള്ള അഞ്ചുകല്ലുമൂട് - കാവൽ റോഡിന്റെ നിർമ്മാണത്തിലെ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റിലെ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലത്ത് മിന്നൽ പരിശോധന നടത്തുകയും, ഒരു വർക്കിന് ആവശ്യമായ അനുമതികളെല്ലാം നേടിയ ശേഷം വർക്കിന്റെ സ്ഥാനം മാറ്റുവാൻ നിർദ്ദേശിക്കുന്ന പ്രവണത ജനപ്രതിനിധികളിൽ നിന്നും ഉണ്ടാകുന്നത് കർശനമായി തടയുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുവാൻ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, റോഡ് നിർമ്മാണത്തിന് ആവശ്യമായ അനുമതികളെല്ലാം നേടിയ ശേഷം വർക്കിന്റെ സ്ഥാനം മാറ്റുവാൻ നിർദ്ദേശിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. മേൽ തീരുമാനം എല്ലാ പ്രവൃത്തികളിലും കർശനമായി പാലിക്കേണ്ടതാണ്.

 റ്റി.കെ.ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി.

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, പബ്ലിക്ക് ഓഫീസ്, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (ഡി) വകുപ്പ്. (24.10.2016 ലെ 7483/ഡി1/2016/വിജി നമ്പർ കത്ത്)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ&പി.ആർഡി (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.